LIBRARY ARCHIVES Kerala Legislative Assembly

**ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1-ന്റേയും ഒഴിവുകൾ**

**60 (4936)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ലേഡി-ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I-ന്റെയും ആകെ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) 1994-ൽ ജോലിയിൽ പ്രവേശിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II -ന് നഷ്ടമായിക്കൊണ്ടിരിക്കുന്ന അർഹതപ്പെട്ട ഗ്രേഡ് I പ്രൊമോഷൻ കാലാകാലങ്ങളിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; എങ്കിൽ എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I-ൽ നിന്നും ലേഡി ഹെൽത്ത് ഇൻസ്പെക്ടറായി നിയമനം ലഭിക്കുന്നതിനുള്ള ട്രെയിനിംഗ് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പബ്ലിക് ഹെൽത്ത് നഴ്സിന്റെ (ലേഡി ഹെൽത്ത് ഇൻസ്പെക്ടർ) 149-ഉം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ 130-ഉം ഒഴിവുകൾ നിലവിലുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്. 1994-ലും അതിനുശേഷവും രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സായി ജോലിയിൽ പ്രവേശിച്ച 720 നഴ്സുമാർക്ക് 13-10-2009-ൽ പ്രൊവിഷണലായി ഗ്രേഡ്-1 പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 21-5-2010-ലെ ഉത്തരവ് പ്രകാരം 92 ഒന്നാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്ക് ലേഡി ഹെൽത്ത് ഇൻസ്പെക്ടർ ആയി നിയമനം ലഭിക്കുന്നതിനുള്ള ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പബ്ലിക് നഴ്സിംഗ് കേഡറിലെ തസ്തിക**

**61 (4937)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പബ്ലിക് നഴ്സിംഗ് കേഡറിൽ എത്ര തസ്തികയാണ് ഒഴിഞ്ഞ് കിടക്കുന്നത് ;

(ബി) പി.എസ്.സി. ലിസ്റ്റിൽ എത്ര പേരാണ് നിലവിലുള്ളത് ;

(സി) ഇപ്പോൾ എത്ര ഒഴിവാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;